(ബി) ഈ വർഷം വെറ്റായണി കാർഷികകാളേജിന്റെ മേൽനോട്ടത്തിൽ കൃഷി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ : കഴിഞ്ഞ വർഷം കാർഷികകാളേജിന്റെ മേൽനോട്ടത്തിൽ കൃഷി ചെയ്തിട്ടുള്ളത് എത്ര ഏക്കർ സ്ഥലമാണ് ?

ശ്രീ. എ. എ. റഹിം : കാർഷികകാളേജ് തുടങ്ങിയതുതന്നെ ഈ വർഷത്തിലാണ്.

ശ്രീ. എ. കുഞ്ഞൻനാടാർ : കാർഷികകാളേജ് അധികൃതരുടെ മേൽനോട്ടത്തിലല്ലേ കൃഷി നടത്തിയത് ?

ശ്രീ. എ. എ. റഹിം : അങ്ങനെ നടത്തിയിട്ടില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : അവരുടെ മേൽനോട്ടത്തിൽ കൃഷി നടത്തിയാൽ പരാജയത്തിലാണ് കലാശിക്കുന്നതെന്ന് അറിയാമോ ?

ശ്രീ. എ. എ. റഹിം : അതു കൃഷി നടത്തിയതിനുമേൽ അറിയാനുള്ള ഒരു കാര്യമാണ്.

കണ്ടിജൻസി ജീവനക്കാരുടെ നിയമനം.

*697. [7] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) വിവിധ ഡിപ്പാർട്ടുമെന്റുകളിലേയ്ക്കുള്ള കണ്ടിജൻസി ജീവനക്കാരുടെ നിയമനാധികാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു വിട്ടുകൊടുത്തുകൊണ്ടുള്ള ഗവണ്മെന്റുത്തരവ് നിലവിൽ വന്നിട്ട് എത്ര നാളുകളായി ;

(ബി) ഈ ഉത്തരവിനുശേഷവും സർജൻജനറൽ ഈ ഉത്തരവിനെ വിലവച്ചുകൊണ്ട് പല നിയമനങ്ങളും നടത്തിവരുന്നതായി ഗവണ്മെന്റിനു വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഗവണ്മെന്റ് അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) രണ്ടു വർഷത്തിനു മേലായി.

(ബി) ഉണ്ട്.

(സി) ജോലിയിൽനിന്നും പിരിച്ചുവിടുന്നവരെ തിരിച്ചെടുക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ആലോചിക്കേണ്ടതില്ലാ എന്നു ഗവണ്മെന്റ് ഉത്തരവായിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : ഈ പരാതിയെപ്പറ്റി ഗവണ്മെന്റ് അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : അന്വേഷണത്തിലിരിക്കുകയാണ്.

ശ്രീ. വി. ശ്രീധരൻ : മേലാൽ ഇങ്ങനെ ചെയ്യാതെയിരിക്കുവാൻ നിർദ്ദേശം കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ എ. റഹിം : നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : പുതിയതായി കണ്ടിജൻസി നിയമനങ്ങൾ നടത്തുമ്പോൾ അത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന വേണം എന്ന ഗവണ്മെന്റിന്റെ ഉത്തരവായിട്ടുണ്ടോ ?

ശ്രീ. എ എ. റഹിം : മുൻപ് ആക്റ്റ് ചെയ്തിട്ടുള്ള ആളുകളെ നിയമിക്കുമാണെങ്കിൽ അതിനു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ അനുവാദം ആവശ്യമില്ല.

ശ്രീ. വി. ശ്രീധരൻ : ഇങ്ങനെ നിർദ്ദേശം ഉണ്ടായിരുന്നിട്ടും ആക്റ്റിംഗുകാരെ വേറെ നിയമിക്കുന്നുണ്ടെന്നറിയാമോ ?

ശ്രീ. എ. എ. റഹിം : അങ്ങനെ നിയമനം നടത്തുന്നതായി അറിവ് കിട്ടിയിട്ടില്ല.

ശ്രീ. എം. എം. മത്തായി : ഈ ഉത്തരവുണ്ടായശേഷം സർജൻ ജനറൽ ഏതു നിയമനങ്ങളും നടത്തിയിട്ടുണ്ടെന്നു പറയാമോ ?

മി. സ്പീക്കർ : അതിനു പ്രത്യേകം ഒരു ചോദ്യം ചോദിക്കണം.

ട്രാൻസ്പോർട്ട് തൊഴിലാളികളുടെ യൂണിഫാറത്തിനുള്ള തുണി.

* 698. [8] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ തൊഴിലാളികൾക്ക് യൂണിഫാറം നൽകുന്നതിനായി പ്രതിവർഷം എത്ര വാര തുണി ആവശ്യമായി വരുന്നുണ്ട് ;

(ബി) ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ഇത്രയും തുണി ഗവണ്മെന്റ് എടുക്കുന്നത് ;

(സി) ഈ തുണിക്ക് വാര ഒന്നിനു എന്തു വിലയാകുന്നുണ്ട് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. വി. വേലായുധൻ) :

(എ) പ്രതിവർഷം ഉദ്ദേശം 22,000 വാര കാക്കി തുണിയും 10,000 വാര നീല തുണിയും, 1,600 വാര വെള്ള ഷർട്ടിംഗ് ക്ലാത്തും ആവശ്യമുണ്ട്.

(ബി) കഴിഞ്ഞവർഷം കാക്കിത്തുണിയും നീലത്തുണിയും തിരുവിതാംകൂർ ശ്രീമൂലം ഫാൻഡ് ലൂം വീവേഴ്സ് സെൻട്രൽ കോവാപ്പറേറീവ് സൊസൈറ്റിയിൽനിന്നും, അതിനു മുൻപിലത്തെ വർഷം ബാങ്കിംഗ്ഹാം ആൻഡ് കണ്ണാട്ടിക്ക് മിൽസിൽനിന്നുമാണ് വാങ്ങിയിട്ടുള്ളത്. വെള്ള ഷർട്ടിംഗ് ക്ലാത്ത് സെൻട്രൽ ജയിലിൽനിന്നും ആണ് വാങ്ങുന്നത്.

(സി) കഴിഞ്ഞവർഷം വാങ്ങിയ കാക്കിത്തുണിയുടെയും നീലത്തുണിയുടെയും വില വാര ഒന്നിനു ഒരു രൂപ പത്തണ വീതവും, വെള്ള ഷർട്ടിംഗിനു വാരയ്ക്കു ഒരു രൂപയും ആണ്.

ശ്രീ. വി. ശ്രീധരൻ : കാക്കിത്തുണിയും കൈത്തറി സൊസൈറ്റിയിൽനിന്നുമാണോ വാങ്ങുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly